**പതിമൂന്നാം കേരളനിയമസഭ**

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T5179 30.06.2014 ന് മറുപടിയ്ക്ക്.

**ഇടിമിന്നലേറ്റ് മരണപ്പെട്ട ആനകൾ**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.അജിത് | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി) |
| (എ) കഴിഞ്ഞ ഒരു വർഷത്തിനിടയിൽ എത്ര ആനകളാണ് ഇടിമിന്നലേറ്റ് മരണപ്പെട്ടതെന്ന് വെളിപ്പെടുത്തുമോ ; | (എ) 2013 വർഷത്തിൽ ഒരു നാട്ടാനയും, 2014 വർഷത്തിൽ നാളിതുവരെ രണ്ട് നാട്ടാനകളും കോട്ടയം ഫോറസ്റ്റ് ഡിവിഷന്റെ അധികാര പരിധിയിൽ ഇടിമിന്നലേറ്റ് ചരിഞ്ഞിട്ടുണ്ട്. |
| (ബി) കഴിഞ്ഞ 10 വർഷത്തിനിടയിൽ ആനകളുടെ ഇടിമിന്നലേറ്റുള്ള മരണം ഏറ്റവും കൂടുതൽ റിപ്പോർട്ട് ചെയ്തത് ഏത് വർഷമാണെന്ന് വെളിപ്പെടുത്തുമോ ; | (ബി) കഴിഞ്ഞ 10 വർഷത്തിനിടയിൽ ആനകൾ ഇടിമിന്നലേറ്റ് ചരിഞ്ഞ സംഭവം ഏറ്റവും കൂടുതൽ റിപ്പോർട്ട് ചെയ്തത് 2011-ൽ ആണ്. (റാന്നി ഫോറസ്റ്റ് ഡിവിഷനിലെ ഗൂഡ്രിക്കൽ റെയിഞ്ചിൽ നാല് കാട്ടാനകൾ ഇടിമിന്നലേറ്റ് ചരിഞ്ഞു). |
| (സി) ഇടിമിന്നലേറ്റുള്ള ആനകളുടെ മരണം വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ ഇത് തടയാൻ എന്ത് നടപടികളാണ് വകുപ്പ് തലത്തിൽ സ്വീകരിച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ? | (സി) ഇടിമിന്നലേറ്റ് കാട്ടാനകൾ മരണപ്പെടുന്നത് തടയുവാൻ വകുപ്പുതലത്തിൽ നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല. എന്നാൽ നാട്ടാനകളെ വിശ്രമ സമയത്ത് മഴയും വെയിലുമേൽക്കാതെ മേൽക്കൂരകളുള്ള തറികളിൽ തളയ്ക്കണമെന്ന നാട്ടാന പരിപാലന ചട്ടങ്ങളിലെ വ്യവസ്ഥ ആനയുടമകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്താൻ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ